ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE:26.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭ സ്പീക്കറായി ബി ജെ പി യുടെ മുതിർന്ന നേതാവ് ഓം ബിർളയെ രണ്ടാം വട്ടവും തിരഞ്ഞെടുത്തു. പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി നാളെ അഭിസംബോധന ചെയ്യും.

   **Om Birla re-Elected as Lok Sabha Speaker; President Droupadi Murmu will address the joint sitting of Parliament tomorrow.**

2. രാജ്യത്തെ ആണവ ഊർജോത്പാദന ശേഷി അടുത്ത അഞ്ചു വർഷത്തിൽ 70 ശതമാനമായി വർധിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്.

   **Union Minister Dr. Jitendra Singh has expressed confidence that India's Nuclear Power generation capacity will increase by around 70 percent in the next five years.**

3. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

   **In Kerala assembly, the opposition stages walkout as the adjournment notice was denied on the issue of price hike.**

4. രാജ്യത്തെ തെക്ക്-പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ രണ്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

   **IMD predicts heavy rain in South- Western states. Orange alert declared in two districts of Kerala.**

5. 5. ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൻറെ സെമി മത്സരങ്ങൾ നാളെ. ഇന്ത്യ - ഇംഗ്ലണ്ടിനെയും, അഫ്ഗാനിസ്ഥാൻ - ദക്ഷിണാഫ്രിക്കയെയും നേരിടും.

**In T 20 cricket world cup, India will face England while Afghanistan will play against South Africa in semifinals tomorrow.**

&&&&&&&&&&&&&&&&&

# HEADLINE – 1

# LS-SPEAKER - INTRO

പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി ബി ജെ പി യുടെ മുതിർന്ന നേതാവ് ഓം ബിർളയെ തിരഞ്ഞെടുത്തു. രാജസ്ഥാനിലെ കോട്ടയിൽ നിന്നുള്ള ലോക്സഭാംഗമായ ഓം ബിർള ഇത് രണ്ടാം തവണയാണ് സ്പീക്കർ പദവിയിൽ എത്തുന്നത്. രണ്ടാം തവണയും സ്പീക്കറാകുന്ന രണ്ടാമത്തെ വ്യക്തിയാണ് ഓം ബിർള. വിശദാംശങ്ങളിലേക്ക്..........

(വോയ്സ്)

*ഓം ബിർളയെ സ്പീക്കറാക്കാനുള്ള പ്രമേയം ശബ്ദ വോട്ടോടെയാണ് അംഗീകരിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പ്രമേയം കൊണ്ടുവന്നത്.*

*പതിനേഴാം ലോക്സഭയിലും സ്പീക്കർ സ്ഥാനം വഹിച്ച ശ്രീ ഓം ബിർള മൂന്നാം വട്ടമാണ് ലോക്സഭയിലെത്തുന്നത്. സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ബിർളയെ പ്രധാനമന്ത്രി നരേന്ദ്രമോദി കോൺഗ്രസ് എം.പി രാഹുൽ ഗാന്ധി തുടങ്ങിയവർ അഭിനന്ദിച്ചു. അടുത്ത 5 വർഷം ലോക്സഭയെ നയിക്കുന്നതിൽ ശ്രീ ഓം ബിർളയുടെ പരിചയ സമ്പത്ത് ഏറെ ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ശബ്ദത്തെയാണ് ലോക്സഭ പ്രതിനിധീകരിക്കുന്നതെന്നും സ്പീക്കറെന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ എല്ലാ പിന്തുണയും*

*അറിയിക്കുന്നതായും ശ്രീ രാഹുൽ ഗാന്ധി വ്യക്തമാക്കി. മാവേലിക്കരയിൽ നിന്നുള്ള കോൺഗ്രസ് എം പി കൊടിക്കുന്നിൽ സുരേഷിനെ പ്രതിപക്ഷം സ്പീക്കർ സ്ഥാനാർഥിയായി നിർദ്ദേശിച്ചിരുന്നു.*
***ന്യൂസ് ഡെസ്ക് ആകാശവാണി......***

&&&&&&&&&&&&&&&&

## HEADLINE – 1(A)
## RAJYASABHA

രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻ്റിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻ്റ് സമ്മേളനം.

&&&&&&&&&&&&&&&&

## RAHUL GANDHI

ലോക്സഭാ പ്രതിപക്ഷ നേതാവായി രാഹുൽ ഗാന്ധിയെ നിയമിച്ചതിനെ സ്വാഗതം ചെയ്ത് മഹാ വികാസ് അഖാഡി നേതാക്കൾ. രാഹുൽ ഗാന്ധിക്ക് അഭിനന്ദനം അറിയിച്ച സഖ്യകക്ഷി നേതാക്കൾ, ഭരണഘടന സംരക്ഷിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുമുള്ള ചവിട്ടുപടിയാണ് ഇതെന്നും അഭിപ്രായപ്പെട്ടു. പാർട്ടി ഉന്നതതല യോഗത്തിന് ശേഷം ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലാണ് രാഹുൽ ഗാന്ധിയെ പ്രതിപക്ഷ നേതാവായി പ്രഖ്യാപിച്ചത്. രാഹുൽ ഗാന്ധി സഭയിലെ പ്രതിപക്ഷ നേതാവാകുമെന്ന് അറിയിച്ച് കോൺഗ്രസ് പാർലമെൻ്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, പ്രോടേം സ്പീക്കർ ഭർതൃഹരി മെഹ്താബിന് കത്തയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 2
## JITHENDRA SINGH

അടുത്ത അഞ്ചു വർഷത്തിൽ രാജ്യത്തെ ആണവ ഊർജോത്പാദന ശേഷി 70 ശതമാനമായി വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്. ആണവ ഊർജ വകുപ്പിൻറെ 100 ദിന കർമ്മ പദ്ധതി വിശകലനം ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആണവ - പുനരുപയോഗ ഊർജ ഉത്പാദനത്തിൽ വർധനയുള്ളതായി അദ്ദേഹം പറഞ്ഞു. നിലവിലെ പദ്ധതികൾ വിശകലനം ചെയ്ത അദ്ദേഹം വരാനിരിക്കുന്ന പദ്ധതികൾക്കു വേണ്ട നിർദേശവും നൽകി.

&&&&&&&&&&&&&&&&

## GADKARI-TOLL WORKSHOP

ഗതാഗത മേഖലയിൽ വരും കാലങ്ങളിൽ ടോൾ പിരിവിനുള്ള ഉപഗ്രഹ അധിഷ്ഠിത ആഗോള ഗതിനിയന്ത്രണ സംവിധാനത്തിന്റെ പ്രാധാന്യം വർധിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സംവിധാനത്തിൽ അധിഷ്ഠിതമായ ഇലക്ട്രോണിക് ടോൾ പിരിവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ഇന്നലെ നടന്ന അന്താരാഷ്ട്ര ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ടോൾ ഏർപ്പെടുത്തുന്നതിന്റെ ധാർമ്മികവും സാമ്പത്തികവുമായ പ്രാധാന്യം കേന്ദ്രമന്ത്രി എടുത്തു പറഞ്ഞു. ടോൾ സംവിധാനം ശക്തമാക്കുന്നതിൽ നല്ല പെരുമാറ്റവും ഏകീകൃത സമീപനവും ആവശ്യമാണ്. സുഗമമായ ടോൾ പിരിവ് ഉറപ്പാക്കാൻ കാർ ഉടമകൾക്ക് പ്രതിമാസ പാസുകൾ

കൊണ്ടുവരണമെന്നും കേന്ദ്രമന്ത്രി നിർദ്ദേശിച്ചു. ടോൾ പിരിവ് സംവിധാനത്തിലെ പഴുതുകളും നിയമലംഘനങ്ങളും തടയാൻ തദ്ദേശീയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്നും ശ്രീ ഗഡ്കരി പറഞ്ഞു.

&&&&&&&&&&&&&&&&&

## ARVIND KEJRIWAL

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ വിചാരണ കോടതി അനുവദിച്ച ജാമ്യം സ്റ്റേ ചെയ്ത ഹൈക്കോടതി ഇടക്കാല ഉത്തരവിനെതിരെ സമർപ്പിച്ച ഹർജി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ പിൻവലിച്ചു. പുതിയ ഹർജിയുമായി കേജ്രിവാൾ പരമോന്നത കോടതിയെ സമീപിക്കും. കെജ്‌രിവാളിന് ജാമ്യം അനുവദിച്ച വിചാരണക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് എൻഫോഴ്‌സ്‌മെൻറ് ഡയറക്ടറേറ്റ് നൽകിയ ഹർജിയിൽ ഇന്നലെ ഹൈക്കോടതി അദ്ദേഹത്തിന് ജാമ്യം നിഷേധിക്കുകയായിരുന്നു. തുടർന്നാണ് പുതിയ ഹർജി ഫയൽ ചെയ്യാൻ തീരുമാനിച്ചത്. അതേസമയം, ഡൽഹി മദ്യനയ അഴിമതി കേസിൽ സി.ബി.ഐ കെജ്രവാളിനെ ഇന്ന് അറസ്റ്റ് ചെയ്തു. കെജ്രവാളിനെ ഡൽഹി കോടതിയിൽ ഹാജരാക്കിയപ്പോഴാണ് സി.ബി.ഐ അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&

## NEET-2024

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് പരിശോധന നടത്തുന്നതിനായി കേന്ദ്ര അന്വേഷണ സംഘം മഹാരാഷ്ട്രയിലെ ബീഡിലെത്തി. മജൽഗാവ് താലൂക്കിലെ ചില അധ്യാപകരെ സംഘം ചോദ്യം ചെയ്തതായി പൊലീസ് വൃത്തങ്ങൾ അറിയിച്ചു. അതേസമയം നീറ്റ് പരീക്ഷാ

തട്ടിപ്പിൽ മഹാരാഷ്ട്രയിൽ ഒരാൾ കൂടി പിടിയിലായിട്ടുണ്ട്. സഞ്ജയ് ജാദവിനെയാണ് ലാത്തൂർ പോലീസ് അറസ്റ്റ് ചെയ്തത്. നാല് പ്രതികളിൽ രണ്ടുപേരാണ് ഇതുവരെ അറസ്റ്റിലായത്.

&&&&&&&&&&&&&&&&

## HEADLINE – 3
## KERALA ASSEMBLY

പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് റോജി എം ജോൺ ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്ന് റോജി എം ജോൺ ആരോപിച്ചു. വിലക്കയറ്റം നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എന്നാൽ സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി ജി ആർ അനിൽ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&

## ASSEMBLY - PLUS ONE

മലപ്പുറത്ത് പ്ലസ് വണ്ണിന് പുതിയ താത്കാലിക ബാച്ച് അനുവദിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയതായി

മന്ത്രി വി ശിവൻകുട്ടി. വിദ്യാർത്ഥി സംഘടനകളുമായി ഇന്നലെ നടത്തിയ യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചതെന്ന് മന്ത്രി അറിയിച്ചു.സീറ്റ് കുറവുള്ള ജില്ലകളിൽ സപ്ലിമെന്ററി അലോട്ട്മെന്റ് വരുമ്പോൾ പ്രശ്നം പരിഹരിക്കും. പ്ലസ് വൺ സീറ്റ് പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ രണ്ട് പേരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി.ജൂലൈ 5 നകം സമിതി റിപ്പോർട്ട് സമർപ്പിക്കും. പ്രവേശനം വൈകുന്നതിന്റെ പേരിൽ ക്ലാസ്സ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകി പഠന വിടവ് നികത്തുമെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 4
## IMD- WEATHER

സൗരാഷ്ട്ര, കച്ച്, പടിഞ്ഞാറൻ മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കർണാടകയുടെ തീരദേശ മേഖല, തമിഴ്നാട്, കർണാടകയുടെ ഉൾപ്രദേശങ്ങൾ, തെലങ്കാന, ആന്ധ്രാ തീരമേഖല, വിദർഭ്, പടിഞ്ഞാറൻ മധ്യപ്രദേശ്, കിഴക്കൻ മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ വെള്ളിയാഴ്ച വരെയും ഗുജറാത്തിൽ ശനിയാഴ്ച വരെയും മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതേസമയം ജമ്മു ഡിവിഷനിലെ ചില ഇടങ്ങളിലും പഞ്ചാബ്, പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിലും നാളെ വരെ ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉത്തർപ്രദേശിൽ രാത്രിയുണ്ടായ ശക്തമായ മഴയിൽ ചന്ദൗലി ജില്ലയിൽ പല ഇടങ്ങളിലും വെള്ളക്കെട്ടുണ്ടായി.

&&&&&&&&&&&&&&&&&

# HEADLINE – 4(A)
## RAIN - KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. കാസർകോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട മുതൽ വയനാട് വരെയുള്ള പത്ത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തമിഴ്നാട് തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശ വാസികളും ജാഗ്രത പുലർത്തണമെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&

# HEADLINE – 5
## CRICKET

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ ആരംഭിക്കും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെൻറിൽ നിന്ന് പുറത്തായി. തിങ്കളാഴ്ച നടന്ന

സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

&&&&&&&&&&&&&&&&

## COPA AMERICA

കോപ്പ അമേരിക്ക ടൂർണമെന്റിൽ അർജന്റീന ഏകപക്ഷീയമായ ഒരു ഗോളിന് ചിലിയെ തോൽപ്പിച്ച്, ക്വാർട്ടറിൽ പ്രവേശിച്ചു. തുടർച്ചയായ രണ്ടാം ജയത്തോടെ അർജന്റീന ക്വാർട്ടർ ഫൈനലിന് യോഗ്യത നേടി.

&&&&&&&&&&&&&&&&

## WORLD DRUG DAY

ഇന്ന് ലോക ലഹരി വിരുദ്ധ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷങ്ങളെ നേരിട്ടും അല്ലാതെയും ബാധിക്കുന്ന ഒരു സാമൂഹിക വിപത്താണ് ലഹരി ഉപയോഗവും കടത്തും. ലഹരി വസ്തുക്കളുടെ വ്യാപാരവും, വിപണനവും, ഉപയോഗവും അതുമൂലമുള്ള സാമൂഹിക, സാമ്പത്തിക, ആരോഗ്യ, പ്രശ്നങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുക, ബാധിതരായ ജനവിഭാഗങ്ങൾക്ക് പിന്തുണ ഉറപ്പാക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തെ അണിനിരത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഐക്യരാഷ്ട്രസഭ എല്ലാ വർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. '"The evidence is clear: invest in prevention"എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

&&&&&&&&&&&&&&&&

## YOGA - UAE

മലയാളി അറബ് സാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ അബുദാബിയിൽ പത്താമത് അന്താരാഷ്ട്ര യോഗ ദിനം സംഘടിപ്പിച്ചു. ഏകദേശം 150 പേർ പരിപാടിയിൽ പങ്കെടുത്തു. യോഗ പരിശീലനങ്ങളുമായി ബന്ധപ്പെട്ട് ആയുഷ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള പൊതു യോഗ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഉൾപ്പെടുത്തിയ യോഗ ഇനങ്ങളാണ് ഒരുക്കിയിരുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&